K24U 2824

Reg. No. : ................................

Name : ...................................

**V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2024**
**(2019 to 2022 Admissions)**
**CORE COURSE IN MALAYALAM**
**5B08 MAL : നോവൽ സാഹിത്യം**

Time : 3 Hours                                                                 Max. Marks : 40

I. **300** വാക്കിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) സാമൂഹിക പ്രതിബോധം തോട്ടിയുടെ മകനിൽ പ്രകടമാകുന്നത് ഏതു വിധത്തിലാണ് ? വിശദീകരിക്കുക.

2) ഇന്ദുലേഖ പ്രതിനിധാനം ചെയ്യുന്ന കൊളോണിയൽ ആധുനികതയുടെ സവിശേഷ യുക്തികൾ എന്തെല്ലാം ?

3) പ്രമേയത്തിലും കഥാപാത്ര നിർമ്മിതിയിലും വൈക്കം മുഹമ്മദ് ബഷീർ സൃഷ്ടിക്കുന്ന വ്യതിരിക്തതകൾ എന്തെല്ലാം ?

4) ചരിത്ര യാഥാർത്ഥ്യങ്ങളാണ് സി. വി.യുടെ കൃതികൾ – ധർമ്മരാജ മുൻനിർത്തി പരിശോധിക്കുക.

II. **നാല്** ചോദ്യങ്ങൾക്ക് **150** വാക്കിൽ ഉത്തരമെഴുതുക. **(4×3=12)**

5) വ്യതിരിക്തമായ ആഖ്യാന രീതിയാണ് എം. ടി. യുടെ മഞ്ഞിൽ – വിശദീകരിക്കുക.

6) പ്രഭാകരന്റെ പല കൃതികളിലും ആവർത്തിച്ചു പ്രത്യക്ഷപ്പെട്ടിട്ടുള്ള 'തിയൂർ' തന്നെയാണു ക്ഷൗരത്തിന്റെയും പശ്ചാത്തലഭൂമിക. – വിശദീകരിക്കുക.

7) ഊരുകാവൽ പ്രതിനിധാനം ചെയ്യുന്ന അധികാരതലം വിശദീകരിക്കുക.

8) പരിവർത്തിത സമൂഹത്തിന്റെ പ്രശ്നങ്ങൾ ആഴത്തിൽ ചർച്ച ചെയ്യുന്ന നോവലാണ് ആവർത്തനപുസ്തകം – വിലയിരുത്തുക.

P.T.O.



9) മാഹിയുടെ സാമൂഹിക രാഷ്ട്രീയ ചരിത്രം മയ്യഴിയുടെ തീരങ്ങളിൽ അടയാളപ്പെടുത്തുന്നത് ഏതു വിധത്തിൽ ?

10) ബഷീറിന്റെ കഥാപാത്രങ്ങൾ സൃഷ്ടിക്കുന്ന ആക്ഷേപഹാസ്യത്തിന്റെ മുൾമുന കൊണ്ടെത്തിക്കുന്നത് എവിടെയാണ് ? പാഠഭാഗം മുൻനിർത്തി പരിശോധിക്കുക.

III. **നാല്** ചോദ്യങ്ങൾക്ക് **100** വാക്കിൽ ഉത്തരമെഴുതുക. **(4×2=8)**

11) സി. വി. യുടെ ചരിത്രാഖ്യായികകളുടെ സവിശേഷത, കഥാഖണ്ഡങ്ങളെ സവിശേഷമായി ചേർത്ത് വെക്കുന്ന രീതിയാണ് – വിലയിരുത്തുക.

12) വർഗ്ഗനായക സങ്കല്പത്തിന്റെ ഉദാത്ത ദൃഷ്ടാന്തമാണ് തോട്ടിയുടെ മകനിൽ പ്രകടമാകുന്നത്. വ്യക്തമാക്കുക.

13) ആനവാരിയും പൊൻകുരിശും രണ്ടു പ്രതീകങ്ങളാണ്. സമർത്ഥിക്കുക.

14) മലയാള നോവലുകളുടെ ചരിത്രവും വികാസവും സംഗ്രഹിക്കുക.

15) ആധുനിക നോവലുകളുടെ ആഖ്യാനത്തിലും ഘടനയിലും വന്ന മാറ്റങ്ങൾ സോദാഹരണ സഹിതം വിലയിരുത്തുക.

16) മതം മാറിയാലും മാറാത്ത ചില സാമൂഹ്യ യാഥാർത്ഥ്യങ്ങളുണ്ട്. ആവർത്തന പുസ്തകം മുൻനിർത്തി വിലയിരുത്തുക.

IV. **നാല്** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) ബോധധാരാ സമ്പ്രദായം.

18) പുരോഗമന സാഹിത്യപ്രസ്ഥാനം.

19) ഇന്ദുലേഖ എന്ന കഥാപാത്രം.

20) സ്ത്രീവാദം.

21) തിയൂർ ഒരു പശ്ചാത്തല ഭൂമികയാണ്.

22) വിമല.

______________